# കേരള പബ്ലിക് സർവ്വീസ് കമ്മിഷൻ

നമ്പർ: പി.ആർ.(1)01/2020/ഗ.വി./46 | തിരുവനന്തപുരം 23.06.2020

## പ്രസിദ്ധീകരണത്തിന്

### 88 ദിവസത്തിനുള്ളിൽ 7225 ഉദ്യോഗാർത്ഥികൾക്ക് നിയമനശിപാർശ

ലോകം മഹാമാരിയുടെ പിടിയിലമരുകയും രാജ്യവും സംസ്ഥാനവും സമ്പൂർണ്ണ ലോക്ഡൗണിലേക്കും നിയന്ത്രണങ്ങളിലേക്കും എത്തിപ്പെടുകയും ചെയ്ത കാലയളവിൽ 2020 മാർച്ച് 20 മുതൽ ജൂൺ 15 വരെ കേരള പബ്ലിക് സർവീസ് കമ്മിഷൻ നിയമനശിപാർശ നൽകിയത് 7225 ഉദ്യോഗാർത്ഥികൾക്ക്. ഇക്കാലയളവിൽ 43 റാങ്ക് ലിസ്റ്റുകളും പ്രസിദ്ധീകരിച്ചു.

ആരോഗ്യ വകുപ്പിൽ അസിസ്റ്റന്റ് സർജൻ, മെഡിക്കൽ വിദ്യാഭ്യാസ വകുപ്പിൽ അസിസ്റ്റന്റ് പ്രൊഫസർ ഉൾപ്പടെ ആരോഗ്യമേഖലയിൽ വിവിധ തസ്തികകളിലായി 1459 പേരെ നിയമനത്തിന് ശിപാർശ ചെയ്തു. വിവിധ കമ്പനി/ബോർഡ്/കോർപ്പറേഷൻ റാങ്ക് ലിസ്റ്റിൽ നിന്നും ഇലക്ട്രിസിറ്റി ബോർഡ്, കെ.എസ്.എഫ്.ഇ. തുടങ്ങിയ സ്ഥാപനങ്ങളിലെ  വിവിധ തസ്തികകളിൽ 1186 പേർക്കും നിയമനശിപാർശ നൽകിയിട്ടുണ്ട്. ജയിൽ വകുപ്പിൽ അസിസ്റ്റന്റ് പ്രിസൺ ഓഫീസർ തസ്തികയിൽ 454 പേരെയാണ് നിയമനശിപാർശ ചെയ്തത്. ഇതോടൊപ്പം പോലീസ് വകുപ്പിൽ സിവിൽ പോലീസ് ഓഫീസർ തസ്തികയിൽ 227 പേരെയും നിയമനശിപാർശ ചെയ്തു. മുനിസിപ്പൽ കോമൺ സർവീസ്, കോളേജ് വിദ്യാഭ്യാസം, മറ്റ് വിവിധ വകുപ്പുകളിലുമായാണ് നിയമനശിപാർശ നൽകിയിട്ടുള്ളത്.

കോവിഡ്19 ന്റെ പശ്ചാത്തലത്തിൽ കടുത്ത നിയന്ത്രണങ്ങൾ നിലനിൽക്കുന്ന ഘട്ടത്തിൽ സർക്കാർ നിർദ്ദേശപ്രകാരമുള്ള എല്ലാ സാമൂഹ്യനിയന്ത്രണങ്ങളും പാലിച്ചുകൊണ്ടാണ് ഈ ചുരുങ്ങിയ കാലയളവിനുള്ളിൽ ഇത്രയും നിയമനശിപാർശ നൽകാൻ കഴിഞ്ഞത്. കൊറോണ കാലഘട്ടത്തിലെ നിയന്ത്രണങ്ങൾ നിലനിൽക്കെതന്നെ ഒരു വർഷം ശരാശരി നിയമനത്തിന് ശിപാർശ ചെയ്യപ്പെടാവുന്ന ഉദ്യോഗാർത്ഥികളിൽ നല്ല ശതമാനത്തോളം പേർക്ക് ഈ കാലയളവിൽ നിയമനശിപാർശ നൽകിക്കഴിഞ്ഞു എന്നതാണ് യാഥാർത്ഥ്യം.

**സെക്രട്ടറി**
കേരള പബ്ലിക് സർവ്വീസ് കമ്മിഷൻ